**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2480** **06-10-2025-ൽ മറുപടിയ്ക്ക്**

**ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. റോജി എം. ജോൺ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ക്ഷേമ പെൻഷൻ, ക്ഷേമ പദ്ധതികളുടെ കുടിശിക, സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ എന്നിവ നൽകി ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**മറുപടി:** 2024-25 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ മാസം മുതൽ മുടക്കം കൂടാതെ എല്ലാ മാസങ്ങളിലും സാമൂഹ്യ സുരക്ഷാ പെൻഷനും സർക്കാർ ധനസഹായത്തോടെയുള്ള 16 ക്ഷേമനിധി ബോർഡ് പെൻഷനുകളും അനുവദിച്ച് വിതരണം നടത്തി വരുന്നു. നിലവിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഇനത്തിൽ കുടിശ്ശികയില്ല.

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന വിതരണം ചെയ്യുന്ന വിശ്വകർമ്മ പെൻഷൻ സമയബന്ധിതമായി നൽകിവരുന്നു. വകുപ്പിന്റെ മറ്റ് ക്ഷേമപദ്ധതികൾ ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരംകയറ്റ തൊഴിലാളി അവശതാ പെൻഷനിൽ 2024 ഡിസംബർ മുതലുള്ള കുടിശ്ശിക വിതരണത്തിനായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകത്തിൽ നിന്നും 94.5 ലക്ഷം വിനിയോഗിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്.

സാംസ്കാരിക കാര്യ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന കലാകാര, അവശകലാകാര പെൻഷൻ , കായിക യുവജനകാര്യ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സർക്കസ് പെൻഷൻ , അവശകായികതാര പെൻഷൻ എന്നിവയും ആനുകൂല്യങ്ങളും കുടിശ്ശികയില്ലാതെ അനുവദിച്ച് നൽകിവരുന്നുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) 29.03.2025 തീയതിയിലെ സ.ഉ.(അ)നം. 38/2025/(79)/ധന ഉത്തരവ് പ്രകാരവും മൂന്നും നാലും ഗഡുക്കൾ

(25%വീതം) 01.11.2025 ലെ സ.ഉ.(അ)നം.139/2025/(93)/ധന പ്രകാരവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**